# 2025-26

# മുയിപ്പോത്ത് എൽ.പി. സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# മുയിപ്പോത്ത്. എൽ.പി. സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

മുയിപ്പോത്ത് എൽ.പി. സ്കൂൾ
പിൻ - 673524
തീയതി........
പി.ഒ. മുയിപ്പോത്ത്

അനൂപ് കെ
( പെൻ : 681154 )
പ്രധാനാധ്യാപകൻ
മുയിപ്പോത്ത് എൽ പി സ്കൂൾ
മുയിപ്പോത്ത് - 673524
പൊതുവിദ്യാഭ്യാസ വകുപ്പ്

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോക ക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. കേരളം മറ്റുപല രംഗങ്ങളിലുമെന്ന പോലെ വിദ്യാഭ്യാസ രംഗത്തും ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിലെല്ലാമുപരി അധ്യാപക സമൂഹത്തിന്റെ അക്ഷീണ പ്രയത്നം ഇതിന ഉത്തേജകമായിട്ടുണ്ട്.

ഓരോ ക്ലാസിലെയും കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വെക്കുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷ, വൈകാരികം, ശാരീരികം, സാമൂഹികം, സർഗാത്മകം, വൈജ്ഞാനികം എന്നീ വികാസ മേഖലകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് സന്തോഷ പ്രദമായ വിദ്യാലയ അന്തരീക്ഷം നടപ്പിലാക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്. കുട്ടികൾക്ക് ഭാഷ, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളിൽ കൂടുതൽ അവബോധമുണ്ടാക്കാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധിക്കുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ പാക്കേജാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

നിരീക്ഷണം

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയത്തിനകവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുന്നു
* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* വിദ്യാർത്ഥികൾക്ക് ക്ലാസ്സ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാകായിക പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
* വിദ്യാലയത്തിലെ പഠനവിഭവ സംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
* സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, മൈതാനം, ഉദ്യാനം ..) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
* ഓരോ അധ്യാപികയും ആധുനിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
* വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ

## പഠനാന്തരീക്ഷം

* ക്ലാസ്മുറികളുടെ സജ്ജീകരണം
* ക്ലാസ്മുറികളിലെ ജനാധിപത്യ അവസരസമത്വം, സ്വതന്ത്രചിന്ത, ലിംഗസമത്വം എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം
* അനുയോജ്യമായ പഠനോപകരണങ്ങൾ
* അധ്യാപക - വിദ്യാർത്ഥി ബന്ധം
* ആധുനിക സാങ്കേതിക വിദ്യയുടെ ലഭ്യതയും ഉപയോഗവും
* ക്ലാസിന് അനുയോജ്യവും അനുരൂപീകരിച്ചതുമായ കളിസ്ഥലവും കളിയുപകരണങ്ങളും

# മലയാളം

## അക്കാദമിക പ്രവർത്തനങ്ങൾ

| പദ്ധതി | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | => പ്രീ ടെസ്റ്റ്<br>=> അക്ഷരം ഉറപ്പിക്കൽ<br>=> അക്ഷരകാർഡ് നൽകൽ<br>=> വാക്യങ്ങൾ -നിർമ്മാണം<br>=> ചിത്രം - കഥപറയൽ<br>=> കഥ -ബാക്കി എഴുതൽ<br>=> കഥാപുസ്തകം നൽകൽ | 2 മാസം<br>ഓഗസ്റ്റ് - സപ്തംബർ | പുസ്തകങ്ങൾ | BRC<br>PTA<br>ക്ലാസ് ടീച്ചർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക | => ക്ലാസ് തല ലൈബ്രറി രൂപീകരണം<br>=> സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>=> പത്രവായന<br>=> വായനാനുഭവം പങ്കുവെക്കൽ<br>=> വായനാക്കുറിപ്പ് തയ്യാറാക്കൽ | ~~ക്ലാസ് ലൈബ്രറി~~<br>~~സ്കൂൾ ലൈബ്രറി~~<br>6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>വായനാമൂല | BRC<br>PTA<br>ക്ലാസ് ടീച്ചർ |
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | => പുസ്തക ചർച്ച<br>=> വായനാക്കുറിപ്പ്<br>=> സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | 6 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ<br>ഗ്രന്ഥശാല | BRC<br>PTA |

# ഇംഗ്ലീഷ്

## അക്കാദമിക പ്രവർത്തനങ്ങൾ

| പദ്ധതി | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരുക്കൽ | * ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം<br>* സിനിമ പ്രദർശനം | മാസത്തിൽ ഒരിക്കൽ | SRG<br>Class Teacher | PTA |
| 2) ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം നൽകൽ | * ഇംഗ്ലീഷ് അസംബ്ലി (One day English)<br>[*മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്] | മാസത്തിൽ ~~[illegible]~~ രണ്ട് ദിവസം | Class Teachers | |
| | * ~~ഇംഗ്ലീഷ് ക്ലബ്ബിന്റെ~~ ആഭിമുഖ്യത്തിൽ ~~English [illegible]~~ | 6 ~~മാസത്തിൽ~~ ഒന്ന് | SRG<br>~~Class~~<br>Teacher | |
| 3) ഇംഗ്ലീഷിലെ പദസമ്പത്ത് വർദ്ധിപ്പിക്കൽ (One day one word) | * ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ദിവസവും ഒരോ പുതിയ ഇംഗ്ലീഷ് വാക്ക് ഓരോ ക്ലാസിലും പരിചയപ്പെടുത്തുന്നു. | ജൂൺ-മാർച്ച് | Class Teacher<br>ക്ലബ്ബ് അംഗങ്ങൾ | |
| 4) ഇംഗ്ലീഷിൽ തെറ്റില്ലാതെ എഴുതാനുള്ള ശേഷി | * ഇംഗ്ലീഷിൽ ശരി എഴുതാനുള്ള പ്രവർത്തനം | ജനുവരി-മാർച്ച് ആഴ്ചയിൽ 2 ദിവസം ~~[illegible]~~ മുഴുവൻ | ക്ലാസ് ടീച്ചർ | |
| 5) സർഗാത്മകതാ പരിപോഷണം | * ഇംഗ്ലീഷ് പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി Skit, Drama conversation, story telling എന്നിവ നടത്തിക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

# ഗണിതം

# അക്കാദമിക പ്രവർത്തനങ്ങൾ

| പദ്ധതി | പ്രവർത്തനം | കാലയളവ് | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| 1) ഗണിതത്തിന്റെ ആവശ്യകത, ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തൽ | => ഗണിത ചരിത്രത്തിന്റെ പ്രാധാന്യവും ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രവും കുട്ടികളുമായി പങ്കുവെക്കുക<br>=> സെമിനാർ സംഘടിപ്പിക്കുക | ജനുവരി മാർച്ച് 2025 | ഹെഡ്മാസ്റ്റർ, SRG ക്ലാസ് ടീച്ചർ | ക്ലാസ് സംഘടിപ്പിക്കുന്ന റിസോഴ്സ് പേഴ്സൺ |
| 2) ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ. | => സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ<br>=> അടിസ്ഥാന ആശയങ്ങൾ പഠിപ്പിക്കുക<br>=> SRG യിൽ അവതരണം<br>=> ഗണിത കളിയിലൂടെയുള്ള പഠനം | ജൂൺ | HM SRG കൺവീനർ ക്ലാസ് ടീച്ചർ | ICT ക്ലാസ്റൂം |
| 3) ഗണിത ക്ലബ് രൂപീകരണം | => ഓരോ ക്ലാസിലെയും $\frac{1}{4}$ ഭാഗം കുട്ടികൾ ഗണിത ക്ലബ്ബിൽ അംഗങ്ങളായിരിക്കും<br>=> ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.<br>=> ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ജൂൺ ആഗസ്റ്റ് | ഗണിത ക്ലബ്ബ് അംഗങ്ങൾ PTA | A4 ഷീറ്റ് ബുക്ക്സ് |

| | | | | |
|---|---|---|---|---|
| 4) ഉത്തരപ്പെട്ടി സ്ഥാപിക്കൽ (ഗണിത ക്ലബ്ബുമായി ബന്ധപ്പെടുത്തി) | * ഗണിത പ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.<br>* കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു.<br>* സമയം അനുവദിച്ച് വിജയികളെ കണ്ടെത്തി അനുമോദിക്കുന്നു. | മാസത്തിൽ ഒരിക്കൽ ആഗസ്റ്റ്-ജനുവരി | | |
| 5) ഗണിത ക്വിസ് സംഘടിപ്പിക്കൽ | * മാസത്തിൽ ഒരിക്കൽ ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം സംഘടിപ്പിക്കുന്നു<br>* ക്ലാസ്തലം, സ്കൂൾ തലം | ആഗസ്റ്റ്-ജനുവരി | | |

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക.
- ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പരിസര പഠനത്തിന് പ്രയോജനപ്പെടുത്തുക.
- പരിസ്ഥിതി സൗഹാർദ മനോഭാവം വളർത്തുക.

## പ്രവർത്തനങ്ങൾ

- സയൻസ് ക്ലബ് രൂപീകരണം
- ശാസ്ത്ര പ്രദർശനങ്ങൾ
- ലഘുപരീക്ഷണ ശാല
- ശാസ്ത്രജ്ഞൻമാർ ജൻമദിനം ആചരിക്കൽ
- പ്രകൃതി പഠനയാത്രകൾ
- ജനാധിപത്യ രീതിയിലെ തിരഞ്ഞെടുപ്പ്
- പഠനയാത്രകൾ
- ക്ലാസ് തല ബാലസഭകൾ
- ജൈവ കൃഷി

| പ്രോജക്റ്റ് | ലക്ഷ്യങ്ങൾ | നടത്തിപ്പ് ചുമതല | ഗുണഭോക്താക്കൾ | കാലയളവ് |
|---|---|---|---|---|
| സയൻസ് ക്ലബ് | ശാസ്ത്രപഠനത്തിൽ താൽപര്യം | കുട്ടികൾ | കുട്ടികൾ | ഹ്രസ്വം |
| ശ്യ പരീക്ഷ ണശാല | ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർധിപ്പിക്കുക. | അധ്യാപകർ | കുട്ടികൾ | ദീർഘം |
| ിവെള്ള സംരക്ഷണം. | ജലം സംരക്ഷിക്കുക ബോധവത്കരണം. | അധ്യാപകർ പി.ടി.എ | സമൂഹം | ദീർഘം |
| ൽഡ് ട്രിപ്പ് | ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. നിരീക്ഷണ പാടവം വളർത്തുന്നു. | അധ്യാപകർ | കുട്ടികൾ | ദീർഘം |
| ൈവ കൃഷി | കാർഷിക സംസ്കൃതി വീണ്ടെടുക്കൽ | പി.ടി.എ | കുട്ടികൾ | ദീർഘം |
| ചരണം | ശാസ്ത്രജ്ഞൻമാരുടെ സംഭാവനകൾ എന്നിവ ആചരിക്കൽ | അധ്യാപകർ കുട്ടികൾ | കുട്ടികൾ | ദീർഘം |
| രോഗ്യം ന്ത് ചിത്വം | ആരോഗ്യ ശുചിത്വ ശീലം വളർത്തുക | | | |

# അറബിക്

# അക്കാദമിക പ്രവർത്തനങ്ങൾ

| ക്ര. നം | പരിപാടി | പ്രവർത്തനം | കാലയളവ് | ഉപകരണം | പിന്തുണ |
|---|---|---|---|---|---|
| 1 | അറബിക് മധുരം<br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത്, വായന<br>* ടെസ്റ്റ് നടത്തി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.<br>* പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അറബിക് മധുരം ക്ലാസ് നൽകുക. | 2 മാസം | പുസ്തകങ്ങൾ | ബി. ആർ. സി |
| 2 | വായനാലോകം<br>ലക്ഷ്യം:-<br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ | 1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)<br>പുസ്തകങ്ങൾ<br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം ( " ) | | | |

| | | | | |
|---|---|---|---|---|
| | * കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ കുറിപ്പുകൾ (അറബിക്)<br>* അറബിക് ക്വിസ് | | | |
| | 2. ക്ലാസ് വായന<br>ഓരോ അറബിക് പീരിയഡിലും ആദ്യ അഞ്ച് മിനിട്ടിൽ ഓരോ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക.<br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക. | | ക്ലാസ് ലൈബ്രറി<br>പുസ്തകങ്ങൾ | സമാഹരണം<br>* അറബിക് അദ്ധ്യാപകർ<br>* റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>* ഭാഷാ സ്നേഹികൾ<br>* ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ |

| | | | | | |
|---|---|---|---|---|---|
| 3 | പദപരിചയം<br>ലക്ഷ്യം :-<br>അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ. | * അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനയ്ക്കു ശേഷം തിരിച്ച് ക്ലാസിലെ ഒരു വിദ്യാർത്ഥി ക്ലാസ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br>* ക്ലാസ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br>* എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു. | ഒരു വർഷം | മൈക്ക് | |
| 4 | അറബിക് അസംബ്ലി | * ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക<br>* ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക.<br>* പ്രാർത്ഥന പരിചയപ്പെടുത്തൽ<br>* സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | ഒരു വർഷം<br>മാസത്തിൽ<br>2 | | |

| | | | | | |
|---|---|---|---|---|---|
| 5 | ദിനാചരണങ്ങൾ | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു. നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു. (ഗ്രൂപ്പ് പ്രവർത്തനം) | ഒരു വർഷം | | |

# കല - പ്രവൃത്തി പഠനം

## അക്കാദമിക
## പ്രവർത്തനങ്ങൾ

| പദ്ധതി | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) സാഹിത്യസമാജം സംഘടിപ്പിക്കൽ | * ക്ലാസ് തലത്തിൽ ആഴ്ചയിലും സ്കൂൾ തലത്തിൽ രണ്ടാഴ്ച കൂടുമ്പോഴും കുട്ടികളുടെ വിവിധ കലാപ്രകടനങ്ങളുടെ പ്രദർശനം കവിതാലാപനം, നൃത്തം, ഏകാഭിനയം തുടങ്ങിയവ | വർഷം മുഴുവൻ | വിദ്യാരംഗം കലാ സാഹിത്യ വേദി, ക്ലാസ് ടീച്ചർ | |
| 2) കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം | എല്ലാ ക്ലാസിലെ മുഴുവൻ കുട്ടികളുടെയും പാഠഭാഗവുമായി ബന്ധപ്പെട്ടും അല്ലാതെയും അവർ വരച്ച ചിത്രപ്രദർശനം | 3 മാസം കൂടുമ്പോൾ | ക്ലാസ് ടീച്ചർ | |
| 3) കവിത, കഥ സദസ്സ് സംഘടിപ്പിക്കൽ | *കവിത ആലപിക്കാനും കഥ വായിക്കാനുമുള്ള അവസരം ഒരുക്കൽ | 3 മാസം കൂടുമ്പോൾ | ക്ലാസ് ടീച്ചർ | |
| 4) ഒറിഗാമി പരിശീലനം നൽകൽ | *സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വിദഗ്ദരെ കൊണ്ടുള്ള പരിശീലനം | 6 മാസം കൂടുമ്പോൾ | SRG ക്ലാസ് ടീച്ചർ | |

വിഷയം : കായിക വിദ്യാഭ്യാസം

ലക്ഷ്യങ്ങൾ : കുട്ടികളെ കായിക മേഖലയിൽ പ്രാവീണ്യമുള്ളവരാക്കുന്നതിന്
കുട്ടിയുടെ സാമൂഹ്യവും വ്യക്തിപരവും വൈകാരികവും ശാരീരികവുമായ വികാസം ഉറപ്പുവരുത്തുക
വിവിധങ്ങളായ സന്ദർഭങ്ങളിൽ ഉചിതമായ രീതിയിൽ ശരീരത്തെ ചലിപ്പിക്കാനുള്ള ശേഷികൾ ആർജ്ജിക്കുക.

കാലം : 1 വർഷം

ചുമതല : പി.ടി.എ, പഞ്ചായത്ത്, എസ്.എസ്. അധ്യാപകർ

ആരോഗ്യകായിക വിദ്യാഭ്യാസം

വ്യക്തിയുടെ സമഗ്രമായ വികാസമാണ് വിദ്യാഭ്യാസം ലക്ഷ്യമിടുന്നത് സമഗ്രമായ വികാസം സാധ്യമാവണമെങ്കിൽ ശാരീരികവും, വൈകാരികവും, മാനസികവും. സാമൂഹികവുമായ വികാസത്തിനുതകുന്ന അനുഭവങ്ങൾ കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം |
| --- | --- | --- |
| പാദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പ്രയോഗിക്കുന്നതിനും | - സ്വതന്ത്രമായ കളികളിൽ ഏർപ്പെടുകയും ശരീരഭാഗങ്ങളുടെ ചലനസാധ്യത തിരിച്ചറിയുന്നു.<br>- ചെറിയ പന്ത്, ബലൂൺ എന്നിവ ഉപയോഗിച്ച് ഒറ്റക്കും സംഘമായും കളിക്കുന്നു.<br>- നിൽക്കൽ, ഇരിക്കൽ, എഴുന്നേൽക്കൽ, നടക്കൽ എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>- ലഘുവായ ചലനങ്ങൾ ഒറ്റയ്ക്കും സംഘമായും ചെയ്യുന്നു. | |
| വിവിധങ്ങളായ സന്ദർഭങ്ങളിൽ ഉചിതമായ രീതിയിൽ ശരീരത്തെ ചലിപ്പിക്കാനുള്ള ശേഷികൾ ആർജ്ജിക്കുന്നു. | • മുമ്പോ, പിമ്പോ, വശങ്ങളിലേക്കോ ഓട്ടം, ചാട്ടം, എന്നീ സ്ഥാനമാറ്റ ചലനശേഷികൾ ലഘുകളികളിലൂടെ വികസിപ്പിക്കുന്നു<br>• കളികളുടെ ഭാഗമായി പന്ത്, ബാറ്റ് തുടങ്ങിയ ലഘു ഉപകരണങ്ങൾ ഉപയോഗിച്ച് പിടിക്കുക, എറിയുക കൈകൊണ്ടും കാൽ കൊണ്ടും തട്ടുക എന്നിവ ചെയ്യുന്നു. | |
| ശരീരചലനം നിയന്ത്രിക്കുന്ന വിവിധ ഘടകങ്ങൾ തിരിച്ചറിയുകയും ശരീരത്തെ സർഗാത്മകമായ ചലനങ്ങൾക്കുള്ള ഉപാധിയായി വികസിപ്പിക്കുകയും ചെയ്യുക. | - അധ്യാപകന്റെ നിർദേശങ്ങൾ അനുസരിച്ച് വ്യത്യസ്ത ദിശകളിലേക്ക് ചലിക്കുന്ന കളികളിലൂടെ വ്യക്തിനിഷ്ഠമായ പൊതു ഇടം അതിർത്തികൾ എന്നിവ പാലിക്കുന്നു.<br>ചർച്ചകളിലൂടെയും അന്വേഷണങ്ങളിലൂടെയും ആരോഗ്യകരമായ ശീലങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള അറിവ് നേടുകയും അവ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. | |